श्रीचित्रातिरुनालआयुर्विज्ञानऔरप्रौद्योगिकीसंस्थान, तिरुवनन्तपुरम – 695 011, केरल, भारत
SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY (SCTIMST)
THIRUVANANTHAPURAM – 695 011, KERALA, INDIA
(An Institute of National Importance under DST ; Government of India)
(भारतसरकारकेअधीनएकराष्ट्रीयमहत्वकासंस्थान)
www.sctimst.ac.in

## പ്രസ് റിലീസ്

## അന്താരാഷ്ട്ര വനിതാ ദിനം

- **ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ "ജെൻഡർ അഡ്വാൻസ്മെന്റ് ഫോർ ട്രാൻസ്ഫോർമിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് (GATI-ഗതിയുടെ ഉദ്ഘാടനം**
- **കളക്ടർ ഡോ. നവ്ജോത് ഖോസയുടെ മാതൃകാപരമായ സമഗ്ര സംഭാവനയ്ക്ക് അനുമോദനം .**
- **"ഹീ ഫോർ ഷീ" എന്ന വിഷയത്തിൽ ചർച്ച**

തിരുവനന്തപുരം :

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ 2022 മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിച്ചു.

ഭാരത സർക്കാർ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സംരംഭമായ "ജെൻഡർ അഡ്വാൻസ്മെന്റ് ഫോർ ട്രാൻസ്ഫോർമിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് ഇന്റെ (GATI-ഗതി) ഭാഗമായാണ് പരിപാടി നടത്തിയത്.

ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. അജിത് കുമാർ വി.കെ., ശ്രീ ചിത്രയിലെ 'ജെൻഡർ അഡ്വാൻസ്മെന്റ് ഫോർ ട്രാൻസ്ഫോർമിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് (GATI-ഗതി)' ഉദ്ഘാടനം ചെയ്തു.

ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് GATI-ഗതി സെൽഫ് അസസ്മെന്റ് ടീം ചെയർപേഴ്സൺ കൂടിയായ മെഡിക്കൽ സൂപ്രണ്ട് ഡോ. രൂപ ശ്രീധർ യോഗത്തിൽ സ്വാഗതവും , ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ 'ഗതി' ഘടകം പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററും പരിപാടിയുടെ വിശിഷ്ടാതിഥിയു\മായിരുന്ന ഡോ. പ്രതിഭ ജോളി സമ്മേളനത്തെ അഭിസംബോധന ചെയ്യുകയും 'ഗതി' നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും വിലയിരുത്തൽ മാനദണ്ഡങ്ങളും അവതരിപ്പിക്കുകയും ചെയ്തു.

ശ്രീ ചിത്ര ബിഎംടി വിഭാഗം മേധാവി ഡോ. ഹരി കൃഷ്ണ വർമ്മ പി.ആർ., 'ഗതി' ചാർട്ടർ പുറത്തിറക്കി. ശ്രീ ചിത്രയിലെ അച്യുത മേനോൻ സെന്റർ പ്രൊഫസർ ആയ പ്രൊഫ.മാലാ രാമനാഥൻ, കേരളം യൂണിവേഴ്സിറ്റി ബിയോഇൻഫോർമാറ്റിക്സ് വിഭാഗം മേധാവി പ്രൊഫ.അച്യുത്ശങ്കർ എസ്.നായർ എന്നിവർ വനിതാദിന സന്ദേശവും നൽകി.

തിരുവനന്തപുരത്തെ ജില്ലാ കളക്ടർ ഡോ. നവ്ജോത് ഖോസ ഐഎഎസിന്റെ മാതൃകാപരമായ സമഗ്ര സംഭാവനയ്ക്ക് സമ്മേളനത്തിൽ ആദരിക്കുകയും അനുമോദനം നൽകുകയും ചെയ്തു.

സ്ത്രീകളുടെ സ്വയം നിർണ്ണയത്തിന്റെയും ശാക്തീകരണത്തിന്റെയും പ്രാധാന്യം ഉയർത്തിക്കാട്ടുന്ന വനിതാദിന സന്ദേശം ഡോ. നവ്ജോത് ഖോസ അവതരിപ്പിച്ചു.

ഡോ. കമലേഷ് കെ. ഗുലിയയും ഡോ. ഷൈനി വേലായുധന്റെയും മേൽനോട്ടത്തിൽ ഡോ. കേശവദാസ് സി., ഡോ. ഈശ്വർ എച്ച്.വി., ഡോ. കൃഷ്ണമൂർത്തി കെ.എം.,ഡോ. ശങ്കര ശർമ്മ പി. എന്നിവരടങ്ങുന്ന പാനൽ "ഹീ ഫോർ ഷീ" എന്ന വിഷയത്തിൽ ചർച്ച നടത്തി.

പ്രൊഫഷണൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അടിസ്ഥാന സൗകര്യങ്ങളും പദ്ധതികളും സൃഷ്ടിക്കുന്നത് ലിംഗഭേദമന്യേ എല്ലാ പേരുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കികൊണ്ടായിരിക്കണം എന്ന നിർദ്ദേശം പാനൽ ചർച്ച മുന്നോട്ടുവച്ചു. സ്ത്രീ ശാക്തീകരണത്തിനായുള്ള മാറ്റങ്ങൾ ചെറിയ ചുവടുകളോടെ ആരംഭിക്കാൻ സമ്മേളനം ഊന്നൽ നൽകി

ശ്രീ ചിത്ര 'ഗതി' നോഡൽ ഓഫീസർ ഡോ. ജയശ്രീ ആർ.എസ്.യുടെ നന്ദി പ്രമേയത്തോടെ പരിപാടികൾ സമാപിച്ചു.

**For Details**

**SMT. JAYASREE R.S.(DR)**
**SCIENTIST 'F' & GATI Nodal Officer**
**DIVISION OF BIOPHOTONICS AND IMAGING**
**jayasree@sctimst.ac.in , 9495948221**
**SCTIMST**